**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 934** **12-06-2024 - ൽ മറുപടിയ്ക്ക്**

**സുഗന്ധഗിരിയിലെ അനധികൃത മരംമുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് സുഗന്ധഗിരി ആദിവാസി കോളനിയിലെ വീടുകൾക്ക് ഭീഷണിയായി നിന്ന ഇരുപതു മരങ്ങൾ മുറിക്കാൻ നൽകിയ പെർമിറ്റിന്റെ മറവിൽ 126 മരങ്ങൾ മുറിച്ച് കടത്തിയതിൽ അന്വേഷണ നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | വനം വകുപ്പ് വിജിലൻസ് വിഭാഗത്തിന്റെ പ്രത്യേക അന്വേഷണ സംഘം അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.<br><br>സുഗന്ധഗിരി കാർഡമം പ്രോജക്ടിനായി റവന്യൂ വകുപ്പിന് കൈമാറിയതും റവന്യൂ വകുപ്പ് ഭൂരഹിതരായ ആദിവാസികൾക്ക് കൈവശാവകാശം നൽകിയതുമായ സുഗന്ധഗിരി നിക്ഷിപ്ത വന ഭൂമിയിൽ ആദിവാസി കോളനിയിലെ വീടുകൾക്ക് ഭീഷണിയായി നിന്ന ഇരുപതു മരങ്ങൾ മുറിക്കാൻ നൽകിയ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ 19 മരങ്ങൾ മുറിക്കുകയും തുടർന്ന് പ്രസ്തുത പെർമിറ്റിന്റെ മറവിൽ വിവിധ ഇനത്തിൽപ്പെട്ട 107 മരങ്ങൾ അനധികൃതമായി മുറിച്ച് നീക്കം ചെയ്ത കുറ്റത്തിന് കൽപ്പറ്റ റെയിഞ്ചിൽ ഒ.ആർ. 01/2024, 02/2024, 05/2024 എന്നീ നമ്പറുകളിലായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി നിലവിൽ 15 പ്രതികളെ അറസ്റ്റ് ചെയ്ത് കൽപ്പറ്റ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്യുകയും തുടർന്ന് ജാമ്യത്തിൽ വിട്ടയച്ചിട്ടുമുണ്ട്.തൊണ്ടി മുതലുകൾ കടത്താൻ ഉപയോഗിച്ച 6 വാഹനങ്ങൾ പിടിച്ചെടുത്ത് കേരള വന നിയമം 61 (എ) പ്രകാരം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുറിച്ച മരങ്ങളിൽ നിന്നുള്ള 370 തടി കഷണങ്ങൾ (159.48$m^3$) കണ്ടെത്തിയിട്ടുള്ളതും ആയതിന്റെ കോറിലേഷൻ നടപടികൾ പുരോഗമിച്ച വരുന്നതുമാണ്. ഡിവിഷൻ തലത്തിൽ വിവിധ റെയിഞ്ചുകളിലെ ജീവനക്കാരെ ഉൾപ്പെടുത്തി പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് മേൽ കേസുകളുടെ തുടർ അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **മരംമുറിയുമായി ബന്ധപ്പെട്ട ഗൂഢാലോചന അടക്കമുള്ള കാര്യങ്ങൾ അന്വേഷിക്കുന്നതിനായി വിജിലൻസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (ബി) | ഇതിൽ കുറ്റക്കാരായി കണ്ടെത്തിയ ജീവനക്കാരുടെ പേരിൽ സ്വീകരിച്ച നടപടികൾ മരവിപ്പിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ; | (ബി) | **സുഗന്ധഗിരിയിലെ അനധികൃത മരംമുറി സംബന്ധിച്ച് സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ശ്രീമതി.ഷജ്ന.എ യിൽ നിന്നും ടിയാരിയുടെ വീഴ്ചകളിന്മേൽ വിശദീകരണം ആവശ്യപ്പെടാനും ആയത് തൃപ്തികരം അല്ലാത്തപക്ഷം ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും വനം വിജിലൻസ് വിഭാഗം ശിപാർശചെയ്യതിന്റെ അടിസ്ഥാനത്തിലാണ് സസ്പെൻഷൻ ഉത്തരവ് മരവിപ്പിച്ച് ടിയാരിയിൽ നിന്നും വിശദീകരണം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ച് വരുന്നത്.വനസമ്പത്ത് കൊള്ളയടിക്കുകയോ, കൊള്ളയടിക്കാൻ കൂട്ട് നിൽക്കുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയതിൽ അന്വേഷണം നടത്തി നിയമപ്രകാരമുള്ള അച്ചടക്കനടപടികൾ**<br><br>**കൈക്കൊള്ളുകയും, ആവശ്യമാകുന്ന പക്ഷം വിജിലൻസ് & ആന്റി കറക്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (സി) | വന സമ്പത്ത് കൊള്ളയടിക്കാൻ കൂട്ടുനിന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | **വനസമ്പത്ത് കൊള്ളയടിക്കുകയോ, കൊള്ളയടിക്കാൻ കൂട്ട് നിൽക്കുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയതിൽ അന്വേഷണം നടത്തി നിയമപ്രകാരമുള്ള അച്ചടക്കനടപടികൾ കൈക്കൊള്ളുകയും, ആവശ്യമാകുന്ന പക്ഷം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ